(സി) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പുതിയ പഞ്ചായത്തുകളൊക്കെ നിലവിൽ വന്നുകഴിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സ്വാഭാവികമായി ലഭിക്കുമായിരുന്ന ബേസിക്ക് ടാക്സിന്റെ വിഹിതവും മറ്റും ലഭിക്കുവാൻ ഇടയില്ലാത്ത പരിതസ്ഥിതിയെ കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തനം മന്ദഗതിയിലാകാതിരിക്കുവാൻ ബേസിക്ക് ടാക്സ് പിരിഞ്ഞുകിട്ടുന്നതുവരെ അത്രയും തുക ഗവണ്മെന്റിൽനിന്നും നൽകാൻ എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിന്റെ ഭരണം സാമ്പത്തിക വിഷമം കൂടാതെ നടത്തിക്കൊണ്ടുപോകുവാൻ എന്തു നടപടികളാണ് എടുക്കേണ്ടതെന്നുള്ള കാര്യം ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

മൂന്നാം പദ്ധതി

* 92. [7] ശ്രീ കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിയിലെ ഇക്കൊല്ലത്തെ വിഹിതത്തിൽ 1963 ഡിസംബർ 31 വരെ എത്ര തുക ചെലവായി;

(ബി) ആയത് ഇക്കൊല്ലത്തെ വിഹിതത്തിന്റെ എത്ര ശതമാനം വരും;

(സി) ചെലവായത് പ്രധാനമായും ഏതൊക്കെ വകുപ്പുകളിലാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിലെ ഇക്കൊല്ലത്തെ വിഹിതത്തിൽ സംസ്ഥാനപദ്ധതികൾക്ക് 1963 ഡിസംബർ 31–ാം തീയതിവരെ പ്രാരംഭകണക്കുകൾ പ്രകാരം 16.37 കോടി ഉറുപ്പികയും, കേന്ദ്രപദ്ധതികൾക്കായി 1·83 കോടി ഉറുപ്പികയും ചെലവാക്കി. 1·83 കോടി ഉറുപ്പികയുടെ സംസ്ഥാന വിഹിതം ഉൾപ്പെടുന്നു.

(ബി) ആയത് സംസ്ഥാനപദ്ധതികൾക്കായി 49·8 ശതമാനവും, കേന്ദ്ര പദ്ധതികൾക്കായി 36 ശതമാനവുമാണ്.

(സി) ചെലവായത് പ്രധാനമായും താഴെ കാണുന്ന വികസനപദ്ധതികൾക്കാണ്.

1. കാർഷികോൽപ്പാദനം
2. ചെറുകിടജലസേചനം
3. സാമൂഹ്യവികസനം
4. വൻകിടജലസേചനം
5. വെള്ളപ്പൊക്ക നിയന്ത്രണവും കടലാക്രമണ നിരോധനവും
6. റോഡുകളും പാലങ്ങളും
7. പൊതുജനാരോഗ്യം
8. ഹരിജനോദ്ധാരണം.

ശ്രീ. കെ. ആർ. വിജയൻ : ഇക്കൊല്ലത്തേക്കു നീക്കിവച്ചിട്ടുള്ള തുക പൂർണ്ണമായിട്ട് മാർച്ച് 31-ാം തീയതിക്കുമുമ്പ് ചെലവാക്കാൻ കഴിയുമെന്ന് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഡിസംബർ 31—ാം തീയതിവരെ ചെല വഴിച്ചതു വായിച്ചുകേട്ടതിൽ 50 ശതമാനത്തിൽ കുറവായിട്ടാണ് കാണുന്നതു്. ബാക്കിയുള്ളതു് ഈ ആണ്ടിന്റെ അവസാനത്തിനുമുമ്പായിട്ട് ചെലവാക്കാൻ സാധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആണ്ടിന്റെ ആദ്യമാസങ്ങളിൽ സാധാരണയായി വളരെ കുറവായിട്ടും അവസാനം വരുമ്പോഴേ വളരെ നല്ല തോതിലുമാണ് ചെലവാക്കുക പതിവു്. ഈ ആണ്ടിൽതന്നെ മുഴുവൻ ചെലവാക്കാൻ കഴിയുമെന്നു് വിശ്വസിക്കുന്നുണ്ടു്. അതിനു പുറമെ ഇവിടെ പറഞ്ഞ കണക്കിൽ ചെലവായ മുഴുവൻ തുകയും ഉൾപ്പെടുത്തിയിട്ടില്ല. ഇതിലുള്ളതു് പ്രാരംഭ കണക്കുമാത്രമാണു്. അവസാനമാകുമ്പോഴേ പ്രയാസം കൂടാതെ മുഴുവൻ തുകയും ചെലവാക്കാൻ സാധിക്കുമെന്നു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. എം. മത്തായി : ഇതുവരെ നീക്കിവച്ചിരുന്ന തുകയിൽ ഏറ്റവും കൂടുതൽ ചെലവഴിച്ചിട്ടുള്ളതു് ഏതു് ഡിപ്പാർട്ടുമെന്റിലാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : കണക്കു ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്. അതു നോക്കിയാലറിയാം. ഞാൻ പ്രത്യേകം നോക്കിവച്ചിട്ടില്ല.

ഗ്രന്ഥശാലകൾക്കു നൽകുന്ന ഗ്രാന്റു്

* 93. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 വർഷത്തിൽ, സംസ്ഥാനത്തു് ഗ്രന്ഥശാലകൾക്കു് നൽകേണ്ട ഗ്രാന്റു് എല്ലാ ഗ്രന്ഥശാലകൾക്കും നൽകിക്കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ ആകെ എത്ര തുക ചെലവാകും ;

(സി) ഗ്രന്ഥശാലാഗ്രാന്റു് വിതരണത്തിന്റെ ചുമതല വിദ്യാഭ്യാസ വകുപ്പിൽനിന്നും വിടുത്തി, ഗ്രന്ഥശാല സംഘത്തെത്തന്നെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി ഗവണ്മെന്റു് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല. 1963-64 വർഷത്തെ ഗ്രാന്റു് കൊടുക്കുന്നതിനുവേണ്ടി ഗവണ്മെന്റു് നിയമിച്ച ഗ്രഡേഷൻ കമ്മിറ്റികളുടെ ശുപാർശകൾ ഇതേവരെ കിട്ടിയിട്ടില്ല.

(ബി) ഏകദേശം മൂന്നരലക്ഷം രൂപാ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. ഗ്രഡേഷൻ കമ്മിറ്റികളുടെ ശുപാർശകൾ കിട്ടിയതിനുശേഷം മാത്രമേ ഈ ഇനത്തിൽ എത്ര രൂപ ചെലവാകുമെന്നു സൂക്ഷ്മമായി പറയുവാൻ സാധിക്കുകയുള്ളൂ.

(സി) ഗ്രന്ഥശാലാ ഗ്രാന്റു് ശുപാർശ ചെയ്യുന്നതിനു് നിയമിക്കപ്പെട്ടുന്ന ഗ്രഡേഷൻ കമ്മിറ്റികളിൽ ഗ്രന്ഥശാലാസംഘത്തിനു് അർഹമായ പ്രാതിനിദ്ധ്യം കൊടുക്കുന്നുണ്ടു്. ആ നടപടിയിൽ വ്യത്യാസം ചെയ്യണമെന്നു് തോന്നുന്നില്ല.

ശ്രീ. സി. എ. മാത്യു : സർ, ഗ്രന്ഥശാലാ സംഘത്തിന്റെ അദ്ധ്യക്ഷൻ മുതൽ ഗ്രഡേഷൻ കമ്മിറ്റിയിൽ നിശ്ചയിച്ചിട്ടുള്ള അംഗങ്ങൾവരെ ഈ രാജ്യത്തെ തലക്കനമുള്ള ആളുകളാണെന്നാണു് ലിസ്റ്റുകൊണ്ടു് കാണുന്നതു്. ഏറ്റവും ഉത്തരവാദപ്പെട്ട ഗ്രഡേഷൻ കമ്മിറ്റിയുടെ ശുപാർശയെ മാനിച്ചുകൊണ്ടു് ഗ്രന്ഥശാലാസംഘം ഈ ഗ്രാന്റു് നിർവ്വഹണത്തിന്റെ ചുമതല വഹിക്കുക എന്നു പറഞ്ഞാൽ തീർച്ചയായിട്ടും ഇന്നുള്ള കുഴപ്പം പരിഹരിക്കുന്നതിനു് അതു് ഉപയുക്തമാകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly